LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ പ്രായവർദ്ധന

15 (18) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെൻഷൻ പ്രായവർദ്ധന പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര സർക്കാർ ജീവനക്കാരും അധ്യാപകരുമാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിൽ സ്ത്രീകളുടേയും പുരുഷൻമാരുടേയും എണ്ണം വെവ്വേറെ വെളിപ്പെടുത്താമോ;

(സി) 2015 മാർച്ച് മുതൽ ഡിസംബർ വരെ എത്ര സർക്കാർ ജീവനക്കാരും അധ്യാപകരും വിരമിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് പെൻഷൻ പ്രായവർദ്ധന പരിഗണനയിലില്ല

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

പേഴ്സണൽ സ്റ്റാഫിൽ നിയമിക്കുന്നവർക്ക് അർഹതപ്പെട്ട മിനിമം ശമ്പളം

16(20) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പേഴ്സണൽ സ്റ്റാഫിൽ നിയമിക്കുന്നവരെ സംബന്ധിച്ച സ്പെഷ്യൽ റൂൾസിൽ കാലാനുസൃതമാറ്റം വരുത്താത്തതിനാൽ ചെയ്യുന്ന ജോലിക്ക് അർഹതപ്പെട്ട മിനിമം ശമ്പളം പോലും നിഷേധിക്കപ്പെടുന്നതായി, സുലൈമാൻ മുതൽപേർ നൽകിയ പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ജോലി ചെയ്യുന്ന തസ്തികയിൽ അർഹമായ മിനിമം വേതനമെങ്കിലും ലഭിക്കാനുള്ള അവരുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) പരാതി ലഭിച്ചിട്ടുണ്ട്. പരിശോധിച്ചു വരുന്നു.